# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ലെയ്ങ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.
   **Myanmar President U Min Aung Hlaing meets Prime Minister Narendra Modi in New Delhi.**
2. ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ മന്ത്രിതല സംഭാഷണത്തിന്റെ രണ്ടാം പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി.
   **The second edition of the India-Australia Defence Minister-level dialogue begins in New Delhi.**
3. പത്ത് സംസ്ഥാനങ്ങളിലായി ഒഴിവ് വരുന്ന 24 രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു.
   **Notification issued for biennial elections to 24 seats of the Rajya Sabha from ten States.**
4. ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ പ്രാബല്യത്തിൽ വന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തമാക്കാൻ കരാർ സഹായകമാകുമെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ.
   **India-Oman Comprehensive Economic Partnership Agreement comes into effect; deal will help strengthen economic ties, says Union Minister Piyush Goyal.**

5. വിദ്യാഭ്യാസത്തിന്റെ ഡെസ്റ്റിനേഷൻ പോയിന്റായി കേരളത്തെ മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. സ്കൂൾ പ്രവേശനോത്സവത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു.

   The government aims to transform Kerala into an educational destination, says Chief Minister V. D. Satheesan; CM inaugurates the state-level School Praveshanolsavam in Thiruvananthapuram.

6. സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സെമി ഫൈനലിൽ പ്രവേശിച്ച് ഇന്ത്യ.

   India advances to the semifinals of the SAFF Women's Championship.

***************

## DAY PM - MYANMAR PREZ TALKS

ഇന്ത്യ സന്ദർശനം തുടരുന്ന മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ലെയ്ങ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ- മ്യാൻമർ ചരിത്ര- സാംസ്കാരിക ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടായിരുന്നു ചർച്ച. സുരക്ഷ, കണക്റ്റിവിറ്റി ഉൾപ്പെടെയുള്ള വിഷയങ്ങളും ചർച്ചയാകും. രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും മ്യാൻമർ പ്രസിഡന്റ് ഇന്ന് കൂടിക്കാഴ്ച നടത്തും. ഇന്നലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി ഓങ് ലെയ്ങ് കൂടിക്കാഴ്ച നടത്തിയിരുന്നു. മ്യാൻമർ പ്രസിഡന്റ് നാളെ മുംബൈ സന്ദർശിക്കും.

***************

## RAJYA SABHA ELECTIONS (INTRO)

പത്ത് സംസ്ഥാനങ്ങളിലായി ഒഴിവ് വരുന്ന 24 രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. മുൻ പ്രധാനമന്ത്രി എച്ച്. ഡി. ദേവഗൗഡ, കേന്ദ്രസഹമന്ത്രി

ജോർജ്ജ് കുര്യൻ, രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗേ എന്നിവർ ഉൾപ്പെടെയുള്ളവരുടെ കാലാവധിയാണ് ഈ മാസം അവസാനിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്...........**

**(ഹോൾഡ് വോയ്സ്)**

*ആന്ധ്രാപ്രദേശ്, ഗുജറാത്ത്, കർണാടക എന്നിവിടങ്ങളിൽ നാല് വീതം സീറ്റുകളും, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ മൂന്നും, ജാർഖണ്ഡിൽ രണ്ടും, മണിപ്പൂർ, മേഘാലയ, അരുണാചൽ പ്രദേശ്, മിസോറാം എന്നിവിടങ്ങളിൽ ഓരോ സീറ്റുകൾ വീതവുമാണ് ഒഴിവുവരുന്നത്. തിരഞ്ഞെടുപ്പ് ഈ മാസം 18-ന് നടക്കും. ഇതിനുപുറമെ, മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും ഒരോ രാജ്യസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട സുനേത്ര പവാർ,* **AIADMK** *എംപി സി. വി. ഷൺമുഖം എന്നിവർ രാജി വെച്ച ഒഴിവുകളിലേക്കാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി*

***************

## INDIA-AUSTRALIA DEFENCE MINISTERS DIALOGUE

ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ മന്ത്രിതല സംഭാഷണത്തിന്റെ രണ്ടാം പതിപ്പിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമായി. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, ഓസ്ട്രേലിയൻ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ റിച്ചാർഡ് മാർലസ് എന്നിവർ സംവാദത്തിന് നേതൃത്വം നൽകി. പ്രതിരോധ-സുരക്ഷാ സഹകരണം, സൈനിക ക്ഷമത, വ്യവസായിക സഹകരണം എന്നിവ ചർച്ചയാകുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി പ്രതിരോധ ബന്ധം കൂടുതൽ ശക്തിപ്പെടുത്തൽ, തന്ത്രപരമായ സഹകരണം വർദ്ധിപ്പിക്കൽ, ഇന്തോ-പസഫിക് മേഖലയിലെ സുരക്ഷ എന്നിവയും പരിപാടിയിലൂടെ ലക്ഷ്യമിടുന്നു.

***************

## INDIA OMAN-CEPA

ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ ഇന്നുമുതൽ പ്രാബല്യത്തിൽ വന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികവും തന്ത്രപരവുമായ ബന്ധം കൂടുതൽ ആഴത്തിലാക്കാൻ കരാർ സഹായകമാകുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയുഷ് ഗോയൽ പറഞ്ഞു. കരാർ രാജ്യത്തെ വിദ്യാർത്ഥികൾ, കരകൗശല വിദഗ്ധർ, സ്ത്രീകൾ, കർഷകർ, മത്സ്യത്തൊഴിലാളികൾ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് ഗണ്യമായി പ്രയോജനം ചെയ്യുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

***************

## SHIVRAJ SINGH- KHET BACHAO ABHIYAN

കൃഷിയിടങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള ഖേത് ബച്ചാവോ അഭിയാൻ പ്രചാരണ പരിപാടി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ മധ്യപ്രദേശിൽ ഉദ്ഘാടനം ചെയ്തു. രാസവളങ്ങളുടെ സന്തുലിതവും വിവേകപൂർണ്ണവുമായ ഉപയോഗം, കാലാവസ്ഥാ വെല്ലുവിളികൾ എന്നിവയിൽ കർഷകർക്ക് സമയബന്ധിതമായ ബോധവത്കരണം, പഞ്ചായത്ത് തലത്തിൽ സജീവ ഇടപെടൽ, പദ്ധതി പ്രയോജനങ്ങൾ ഗ്രാമങ്ങളിൽ നേരിട്ട് എത്തിക്കൽ എന്നിവ ലക്ഷ്യമിട്ടാണ് ഒരു മാസം നീണ്ടുനിൽക്കുന്ന പ്രചാരണ പരിപാടി.

***************

## SC-JUDGES

സുപ്രീം കോടതി ജഡ്ജിയായി അഞ്ച് പേർ കൂടി നിയമിതരായി. ഇതോടെ ചീഫ് ജസ്റ്റിസ് ഉൾപ്പെടെ സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം 37 ആയി ഉയർന്നു. ചീഫ് ജസ്റ്റിസുമായുള്ള കൂടിയാലോചനയ്ക്ക് ശേഷം നിയമനം രാഷ്ട്രപതി അംഗീകരിക്കുകയായിരുന്നു. പഞ്ചാബ്-ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് ഷീൽ നാഗു, ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് ശ്രീ ചന്ദ്രശേഖർ, മധ്യപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സഞ്ജീവ് സച്ച്ദേവ, ജമ്മു കശ്മീർ, ലഡാക്ക് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് അരുൺ

പള്ളി എന്നിവരും, മുതിർന്ന അഭിഭാഷക വെങ്കിട സുബ്രഹ്മണി മോഹനയും ആണ് പുതുതായി നിയമിക്കപ്പെട്ടത്.

***************

## PM SVANIDHI

രാജ്യത്ത് ആറ് വർഷം വിജയകരമായി പൂർത്തിയാക്കി പിഎം സ്വനിധി പദ്ധതി. ഈടില്ലാ വായ്പ ലഭ്യമാക്കി ലക്ഷക്കണക്കിന് തെരുവ് കച്ചവടക്കാരുടെ ജീവിതം
മെച്ചപ്പെടുത്താൻ പദ്ധതിയിലൂടെ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. 2020-ൽ ആരംഭിച്ച പദ്ധതിയിലൂടെ ഇതുവരെ ഒരു കോടി 12 ലക്ഷത്തിലധികം വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. 2030 മാർച്ച് വരെ പദ്ധതി നീട്ടിയിട്ടുണ്ട്.

***************

## V D SATHEESAN (INTRO)

വിദ്യാഭ്യാസത്തിന്റെ ഡെസ്റ്റിനേഷൻ പോയിന്റായി കേരളത്തെ മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. വിജ്ഞാന വിസ്ഫോടനത്തിന്റെ കാലത്ത് പുതിയ അറിവുകൾ തേടാനും അറിയാനുമുള്ള ആഗ്രഹം കുട്ടികൾ വളർത്തിയെടുക്കണമെന്നും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു.
**(ഹോൾഡ് വോയിസ്........ )**

***************

## Legislative Assembly

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൻറെ സമയക്രമത്തിൽ മാറ്റം. ഇന്ന് സ്കൂൾ പ്രവേശനോത്സവം നടക്കുന്ന സാഹചര്യത്തിൽ, സമ്മേളനം നാളെ പുനരാരംഭിക്കും.

***************

## Deputy Speaker

നിയമസഭാ ഡെപ്യൂട്ടി സ്പീക്കറെ തിരഞ്ഞെടുക്കാൻ നാളെ വോട്ടെടുപ്പ്. എൽ.ഡി.എഫിൽ നിന്ന് മുഹമ്മദ് മുഹ്സിൻ പത്രിക നൽകിയതോടെയാണ് വോട്ടെടുപ്പ് വേണ്ടിവന്നത്. ഷാനിമോൾ

ഉസ്മാനാണ് യു.ഡി.എഫ് സ്ഥാനാർഥി. പട്ടാമ്പി എം.എൽ.എ ആയ മുഹ്സീൻ സി.പി.ഐ പ്രതിനിധിയാണ്. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കേണ്ടെന്നാണ് ബി.ജെ.പി തീരുമാനം.

***************

## ED-Enquiry

സിഎംആർഎൽ- എക്സാലോജിക് ഇടപാടുമായി ബന്ധപ്പെട്ട ഇഡി അന്വേഷണം തുടരാമെന്ന് ഹൈക്കോടതി. അന്വേഷണം സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് സിഎംആർഎൽ നൽകിയ ഹർജിയിലാണ് പരാമർശം. ജസ്റ്റിസ് രാജാ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുടെ ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

***************

## DAY-FOOTBALL-SAFF

സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ സെമി ഫൈനലിൽ പ്രവേശിച്ച് ഇന്ത്യ. ഗോവയിലെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ബംഗ്ലാദേശിനെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്താണ് ഇന്ത്യ ഗ്രൂപ്പ് ബിയിൽ ഒന്നാമതെത്തിയത്. ബുധനാഴ്ച നടക്കുന്ന സെമിയിൽ ഭൂട്ടാനാണ് ഇന്ത്യയുടെ എതിരാളി.

***************

## LPG

രാജ്യത്ത് 19 കിലോഗ്രാം വാണിജ്യ എൽപിജി സിലിണ്ടറിന്റെ വിലയിൽ വർധന. 42 രൂപ മുതൽ 53 രൂപ 50 പൈസ വരെയാണ് വർദ്ധിപ്പിച്ചത്. ഗാർഹിക പാചക വാതകത്തിന്റെ നിരക്കിൽ മാറ്റമില്ല. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുണ്ടായ ആഗോള ഊർജ്ജ പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് വില വർധന.

***************

## IMD

കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കാലവർഷം കേരളത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള അനുകൂല സാഹചര്യമാണെന്ന്

കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ജൂൺ നാല് വരെ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

***************

## Trolling

കേരളത്തിൽ 52 ദിവസത്തെ ട്രോളിംഗ് നിരോധനം ഈ മാസം 9 അർദ്ധരാത്രി മുതൽ ആരംഭിക്കും. മത്സ്യങ്ങളുടെ പ്രജനന കാലം കണക്കിലെടുത്തുള്ള 52 ദിവസത്തെ നിരോധനം ജൂലൈ 31 വരെ തുടരും.

***************

## Governor–Kozhikode

ഏക ഭാരതം ശ്രേഷ്ഠ ഭാരതം' പ്രചാരണത്തിന് കീഴിലെ യുവസംഗമത്തിന്റെ ഭാഗമായി ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ നിന്നുള്ള യുവ പ്രതിനിധികളുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് സംവദിക്കും. ഐ.ഐ.എം കോഴിക്കോട് ക്യാമ്പസിലാണ് പരിപാടി. 33 യുവ പ്രതിനിധികളാണ് കോഴിക്കോട് ഐ.ഐ.എമ്മിൽ എത്തിയിട്ടുള്ളത്.

***************

## WB – CABINET EXPANSION

മുഖ്യമന്ത്രി സുവേന്ദു അധികാരി നേതൃത്വം നൽകുന്ന പശ്ചിമ ബംഗാൾ മന്ത്രിസഭ വിപുലീകരിച്ചു. രാവിലെ ലോക് ഭവനിൽ നടന്ന ചടങ്ങിൽ മുപ്പത്തിയഞ്ച് പുതിയ മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തു. ഇതോടെ, സംസ്ഥാന മന്ത്രിസഭയുടെ അംഗസംഖ്യ 41 ആയി ഉയർന്നു.

***************

## JALSHAKTHI

ഇന്ത്യയുടെ ജലഗവേഷണ രംഗം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ജലശക്തി മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ ദേശീയ ജലഗവേഷണ ശില്പശാല സംഘടിപ്പിക്കും. കേന്ദ്രമന്ത്രിമാരായ സി.ആർ പാട്ടീലും ജിതേന്ദ്ര സിംഗും ചേർന്ന് ശില്പശാല ഉദ്ഘാടനം ചെയ്യും. ജലവിഭവ മാനേജ്മെന്റ്, കുടിവെള്ളം എന്നിവയിലെ അത്യാധുനിക ഗവേഷണങ്ങൾക്കായുള്ള 'മഹാ' പദ്ധതിയും, സ്റ്റാർട്ടപ്പുകൾക്കായി 'ഭാരത്-വിൻ' പോർട്ടലും നാളെ ഡൽഹിയിൽ നടക്കുന്ന ശില്പശാലയിൽ പുറത്തിറക്കും.

***************

## INDIA AFRICA – EBOLA,

ആഫ്രിക്കയിലെ എബോള വൈറസ് വ്യാപനം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യ നൽകിയ അടിയന്തര സഹായങ്ങൾക്ക് ആഫ്രിക്കൻ യൂണിയന്റെ ആരോഗ്യ ഏജൻസി, ആഫ്രിക്ക സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ നന്ദി അറിയിച്ചു. എബോള പ്രതിരോധത്തിനായി രോഗ നിർണ്ണയ കിറ്റുകൾ, മരുന്നുകൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവയാണ് ഇന്ത്യ എത്തിച്ചത്. കോംഗോയിലെ കിഴക്കൻ മേഖലയിലുണ്ടായ വൈറസ് വ്യാപനം തടയുന്നതിനാണ് ഇന്ത്യ പിന്തുണ നൽകുന്നത്.

***************

***********

****